പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1646 — 03/05/2017-ൽ മറുപടിക്ക്

## ലോകാരോഗ്യ സംഘടനയുടെ സഹായത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. കൃഷ്ണൻകുട്ടി<br>ശ്രീ.സി.കെ.നാണു<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | ലോകാരോഗ്യ സംഘടനയുടെ സഹായത്തോടെ ഏതെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്; ഏതെല്ലാം ആശുപത്രികളിലാണ് ഇത് നടപ്പിലാക്കുന്നത്; ഇതിന്റെ പ്രവർത്തനങ്ങൾ സർക്കാർ എങ്ങനെയാണ് വിലയിരുത്തുന്നത്; ഇതുമായി ബന്ധപ്പെട്ട കഴിഞ്ഞ അഞ്ചുവർഷത്തെ കണക്കുകളും മറ്റ് പ്രവർത്തന വിവരങ്ങളും നല്കാമോ? | എ) | ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയുമായി ലോകാരോഗ്യ സംഘടന 2014-15 സാമ്പത്തിക വർഷത്തിൽ കരാറിൽ ഏർപ്പെടുകയും നിലവിലുള്ള പദ്ധതി വികസിപ്പിക്കുന്നതിന് വ്യവസ്ഥകൾ തയ്യാറാക്കുകയും ചെയ്തു. ഈ കരാറിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി വിശകലനം ചെയ്യുന്നതിനും പോരായ്മകൾ കണ്ടെത്തി പരിഹാര നടപടികൾ ഉപദേശിക്കുന്നതിനും ലോകാരോഗ്യ സംഘടന CMC Vellore-നെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനായി സാമ്പത്തിക ബാദ്ധ്യതകൾ ഒന്നും തന്നെ ഇതുവരെ ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ